വെള്ളക്കര കുടിശ്ശിക

175 (867) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചതിനുശേഷം കേരള വാട്ടർ അതോറിറ്റിയുടെ വരുമാനത്തിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായി ; വ്യക്തമാക്കാമോ ;

(ബി) വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; ഉപഭോക്താക്കൾക്ക് കുടിശ്ശിക ഇക തവണ വ്യവസ്ഥയിൽ ഒടുക്കുന്നതിന് അവസരം ലഭ്യമാക്കുവാൻ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(സി) കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം ; ഇവ പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വെള്ള ചാർജ്ജ് വർദ്ധിപ്പിച്ചതിനുശേഷം കേരള വാട്ടർ അതോറിറ്റിയിൽ പ്രതിമാസം ശരാശരി 10.07 കോടി രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടായി.

(ബി) സമയബന്ധിതമായി ബിൽ നൽകുകയും കൂടുതൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് വിശദീകരണ നോട്ടീസ് നൽകുകയും ചെയ്യും. എന്നിട്ടും കുടിശ്ശിക അടയ്ക്കാതിരുന്നാൽ കണക്ഷൻ വിശ്ഛേദിക്കും. തുടർന്നും കുടിശ്ശിക അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്യും. ഉപഭോക്താവ് ആവശ്യപ്പെടുകയാണെങ്കിൽ കുടിശ്ശിക ഒടുക്കാൻ 3 ഗഡുക്കളായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, 5 ഗഡുക്കളായി എക്സിക്യൂട്ടീവ് എഞ്ചിനീയറും അതിൽ കൂടുതലാണെങ്കിൽ മാനേജിംഗ് ഡയറക്ടറും അനുവദിക്കുന്നതാണ്. അദാലത്ത് വഴിയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഗാർഹികേതര ഉപഭോക്താക്കൾ മാത്രം) പ്രകാരവും കുടിശ്ശിക തീർപ്പാക്കാൻ അവസരം നൽകുന്നതാണ്.

(സി) കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന് ഉപഭോക്താവിന് നോട്ടീസ് നൽകും. ഉപഭോക്താവ് നിശ്ചിത ഫീസ് അതാത് സബ് ഡിവിഷനിൽ അടച്ച് ഐ.എസ്.ഐ. മുദ്രയുള്ള ടെസ്റ്റ് ചെയ്ത പുതിയ മീറ്റർ ഹാജരാക്കുമ്പോൾ പഴയ മീറ്റർ മാറ്റി പുതിയത് സ്ഥാപിക്കുന്നതാണ്. നോട്ടീസ് നൽകി ഒരു മാസത്തിനുള്ളിൽ കേടായ മീറ്റർ മാറ്റിയില്ലെങ്കിൽ നിലവിലെ വാട്ടർ ചാർജ്ജിന്റെ 25%, രണ്ട് മാസം കഴിഞ്ഞാൽ 50%, നാല് മാസം കഴിഞ്ഞാൽ 100% എന്നിങ്ങനെ സർചാർജ്ജ് ഈടാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly